# സാംസ്കാരികമായ ഉയർച്ചയ്ക്ക് പരിഗണന നൽകണം

ഹാഷിം ചേന്നാമ്പിള്ളി

**1.** ആഗോളവത്കരണത്തിന്റെയും നവലിബറൽ നയങ്ങളുടെയും ഭാഗമായി കോർപ്പറേറ്റ് താത്പര്യങ്ങൾ മുഴച്ചുനിൽക്കുന്ന വികസന പദ്ധതികൾ മാത്രമാണ് ഇന്ന് മുന്നോട്ടുവയ്ക്കപ്പെടുന്നത്. ഭൂട്ടാൻ എന്ന ചെറിയ രാജ്യം ജനങ്ങളുടെ ജീവിതത്തിലെ സന്തോഷത്തിന്റെ അളവിനെയാണ് (ഗ്രോസ് നാഷണൽ ഹാപ്പിനസ്) വികസനമായി കണക്കാക്കുന്നതെന്ന് ഞാൻ വായിച്ചിട്ടുണ്ട്. ആ രീതിയിലേക്ക് നമ്മുടെ നാടും എത്തണമെന്നാണ് ആഗ്രഹം. ഇവിടെ ഉത്പാദനത്തിലുള്ള വർദ്ധനവാണ് സർക്കാരിന്റെ മുഖ്യപരിഗണന. മനുഷ്യന്റെ സാംസ്കാരികമായ ഉയർച്ചയ്ക്ക് പരിഗണന കൊടുക്കുക എന്നതാകണം വികസനത്തിന്റെ മുൻഗണന. സാംസ്കാരികമായ തകർച്ചകൾ എല്ലായിടത്തും ദൃശ്യമാകുന്ന ഈ കാലത്ത് അത് വളരെ പ്രധാനമാണ്. രാജ്യത്ത് അസഹിഷ്ണുത കൂടുന്നതും ജാതീയതയും മതവെറിയും അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തുന്നതും സ്ത്രീപീഡനങ്ങൾ ആവർത്തിക്കുന്നതും എല്ലാം സാംസ്കാരിക തകർച്ചകളുടെ ലക്ഷണങ്ങളാണ്. എല്ലാവർക്കും പാർപ്പിടമെന്ന വളരെ പ്രാഥമികമായ അവകാശത്തെപ്പോലും പരിഗണിക്കാൻ വികസനത്തിന് കഴിയുന്നില്ല. അഞ്ച് ലക്ഷം പേർക്ക് പാർപ്പിടമില്ലെന്ന് നിയമസഭയിൽ സർക്കാർ തന്നെ പറയുന്നു. ഇത്രയും ഭവനരഹിതരുള്ള ഒരു സംസ്ഥാനത്താണ് ഒരു ലക്ഷം പേരെ കുടിയൊഴിപ്പിക്കുന്ന ദേശീയപാത വികസനം പോലെ ഒരു പദ്ധതിയുമായി സർക്കാർ മുന്നോട്ടു പോകുന്നത്. പൊതുഗതാഗതം ഗുരുതരമായ അവഗണനയാണ് ഇന്ന് നേരിടുന്നത്. മുഖ്യപരിഗണന കിട്ടേണ്ട റെയിൽവെയ്ക്ക് വളരെ കുറഞ്ഞ പരിഗണന മാത്രം. കേരളത്തിൽ ഏറ്റവും സാധ്യതയുള്ള ജലഗതാഗതത്തിന്റെ സ്ഥിതിയും അതാണ്. ഇത്രയധികവും തീരവും നാൽപ്പതോളം തുറമുഖങ്ങളും ഉണ്ടായിട്ടും ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടേയില്ല. അഴിമതിയാണ് അതിന് കാരണമായി നിൽക്കുന്നത്. റോഡ് വികസനത്തിന് മാത്രം മുൻഗണന കിട്ടുന്നതിൽ വാഹന വ്യവസായ ലോബിക്ക് വലിയ പങ്കുണ്ട്. അവർക്കുവേണ്ടിയാണ് ബദലുകൾ അവലംബിക്കാതെ പോലീസിനെ വിന്യസിച്ച് ടോൾ-ബി.ഒ.ടി റോഡുകൾ പണിയുന്നത്.

**2.** ലോകത്തെവിടെയും മനുഷ്യർക്ക് പ്രകൃതിയിൽ നിന്നുള്ള വിഭവങ്ങളെ ആശ്രയിച്ച് മാത്രമേ ജീവിതം സാധ്യമാകൂ. സാധാരണ ജനങ്ങളല്ല ഇവിടെ വിഭവചൂഷണം നടത്തുന്നത്. കോർപ്പറേറ്റുകൾ അമിതലാഭത്തിന് വേണ്ടി നടത്തുന്ന വിഭവക്കൊള്ളയാണ് ഗുരുതരമായ പ്രശ്നം. അത്തരം ആവശ്യങ്ങൾക്ക് വേണ്ടി നടക്കുന്ന ചൂഷണത്തെ തടയുക എന്നതാണ് ഇന്ന് വളരെ പ്രധാനപ്പെട്ട സംഗതി. മുകേഷ് അംബാനി എത്രയോ കോടികൾ ചിലവഴിച്ചാണ് ആന്റില എന്ന 27 നില വീട് ബോംബെയിൽ നിർമ്മിച്ചിരിക്കുന്നത്. വെറും നാല് പേരാണ് ഇതിലെ താമസക്കാർ. പണമുള്ളതുകൊണ്ട് അവർ അവരുടെ സ്വാതന്ത്ര്യത്തിനനുസരിച്ച് പെരുമാറുന്നു എന്നു പറയാം. പക്ഷെ അതിനുവേണ്ടി എടുക്കുന്ന വിഭവങ്ങൾ എല്ലാവരുടേതുമാണ്. അത്തരം ആർത്തികൾ കർശനമായി നിയന്ത്രിച്ചാൽ മാത്രമേ വിഭവങ്ങൾ ഇന്ന് സംരക്ഷിക്കാൻ കഴിയൂ.

**3.** നമ്മുടെ നാട്ടിൽ നിയമങ്ങൾ രണ്ടുരീതിയിലാണ് ജനങ്ങളോട് പെരുമാറിക്കൊണ്ടിരിക്കുന്നത്. ദരിദ്രരോട് കർശനമായും ധനികരോട് ലഘുവായും. കൊച്ചി നഗരത്തിനടുത്തുള്ള മുളവുകാട് എന്ന സ്ഥലത്ത് നടന്ന ഒരു സംഭവം പറയാം. അവിടെ ഒരാൾക്ക് വീടുവയ്ക്കാൻ പരമ്പരാഗതമായി കിട്ടിയത് കായലിനോട് ചേർന്ന സ്ഥലമാണ്. സി.ആർ.ഇസഡ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലമാണെന്ന് പറഞ്ഞ് അയാൾക്ക് വീടുവയ്ക്കാൻ അനുമതി നിഷേധിക്കപ്പെടുന്നു. നിയമം ലംഘിക്കാതെ അവിടെ വീടുവയ്ക്കാൻ കഴിയില്ല. അതേ ആറ് സെന്റിൽ നിന്നിട്ട് കിഴക്കോട്ട് നോക്കുമ്പോൾ അയാൾ കാണുന്നത് ഇതേ സി.ആർ.ഇസ്ഡ് നിയമം ലംഘിച്ച് പണിതിരിക്കുന്ന വൻകിട കമ്പനികളുടെ ഫ്ളാറ്റ് സമുച്ചയങ്ങളാണ്. അവർക്ക് എങ്ങനെയാണ് നിർമ്മാണത്തിന് അനുമതി കിട്ടിയത്? അതാണ് രണ്ടുതരം നീതിയുണ്ടെന്ന് പറയാൻ കാരണം. ഇത് വലിയരീതിയിലുള്ള അരക്ഷിതാവസ്ഥ വളർത്തുന്നുണ്ട്. അത് കാണാതിരിക്കരുത്.

4. സംഘടിത ഇടപെടലിലൂടെ നടന്ന ധാരാളം മാതൃകാ പദ്ധതികൾ കേരളത്തിലുണ്ടായിരുന്നു. കോഫീഹൗസുകളും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും മുതൽ കുടുംബശ്രീകളും വരെ നല്ല ഉദാഹരണങ്ങളാണ്. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പോലെയുള്ള സംഘങ്ങളും നന്നായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംഘങ്ങളെ കക്ഷിരാഷ്ട്രീയത്തിന്റെ ഇടപെടലുകളിൽ നിന്നും സംരക്ഷിച്ച് സ്വതന്ത്രമായി നിലനിർത്തണം.

5. പ്രതിരോധ പ്രസ്ഥാനങ്ങൾക്കാണ് കോർപ്പറേറ്റ് വികസനത്തെ ചോദ്യം ചെയ്യുന്നതിനും മൂലധന താത്പര്യങ്ങളെ തുറന്നുകാണിക്കുന്നതിനും ശക്തിയുള്ളത്. ബദലുകൾ അവതരിപ്പിക്കാൻ കഴിയുന്നതരത്തിലേക്ക് കൂടി അവ വളരേണ്ടതുണ്ട്. ഞങ്ങൾ ദേശീയപാത സമരത്തിന്റെ ഭാഗമായി അത്തരം ബദലുകൾ മുന്നോട്ടുവച്ചിട്ടുണ്ട്. 30 മീറ്ററിൽ ബി.ഒ.ടിയും ടോളും ഇല്ലാതെ എങ്ങനെ ആറുവരിപാത നിർമ്മിക്കാം എന്ന ബദൽ ഞങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഭരണകൂട അടിച്ചമർത്തലുകളെ എങ്ങനെ നേരിടാം എന്ന കാര്യം കൂടി സമരങ്ങൾ നന്നായി വിലയിരുത്തേണ്ടതുണ്ട്. തീവ്രവാദം, വർഗ്ഗീയവാദം എന്നെല്ലാം ആക്ഷേപിച്ച് സമരങ്ങളെ തർക്കുന്നതിനുള്ള നീക്കമാണ് ഭരണകൂടം നടത്തുന്നത്. ഇതിനെ വളരെ ശ്രദ്ധയോടെ പ്രതിരോധിക്കാൻ കഴിയണം. മാദ്ധ്യമങ്ങളുടെ പിന്തുണ കൂടി അക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. നിലവിൽ അവർ സത്യം പറയാൻ സന്നദ്ധമാകുന്നില്ല. അവരും അത്തരം അപവാദങ്ങൾ ആവർത്തിക്കുകയാണ്. സാമൂഹ്യമാദ്ധ്യമങ്ങൾ ഉള്ളതുകൊണ്ടാണ് പലതിനെയും പ്രതിരോധിക്കാൻ കഴിയുന്നത്.

**(സംസ്ഥാന കൺവീനർ, ദേശീയപാത സമര സമിതി)**